HON'BLE MR. A. ATCHUTHAN : (എ) ഉണ്ട്.

(ബി) ചവറ-കണ്ണേറ്റി പാലം എട്ടുകൊല്ലമായും, തോട്ടപ്പള്ളി പ്പാലം ഒരു കൊല്ലമായും കേട്ട സംഭവിച്ചുകിടക്കുകയാണെന്നുള്ള വിവരം അറിയാം.

(സി) ഇരുമ്പും സിമൻറും കിട്ടാത്തതുകൊണ്ടാണ് പാലം പണിയുന്നതിന് താമസം വന്നത്.

Fishing in the sea.

49. MR. P. S. MUHAMMED: Will the Honourable Minister for Fisheries be pleased to state :

(*a*) whether Government have provided any facility for fishing in the sea for the coastal people of Ambalapuzha and Shertallai ; and

(*b*) if the answer to part (*a*) be in the affirmative, please state what they are?

HON'BLE MR. K. M. KORAH : (*a*) No.

(*b*) The question does not arise in view of the answer to (*a*).

MR. P. S. MCHAMMED : ഈ രണ്ടു താലൂക്കുകളിലുള്ള മത്സ്യം പിടിത്തക്കാർ ക്രമത്തിലധികം വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

HON'BLE MR. K. M. KORAH : അറിയാം.

MR. P. S. MUHAMMED : അതിന് അവക്കെന്തെങ്കിലും സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നു ഗവണ്മെൻറിനു തോന്നിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH : തോന്നിയിട്ടുണ്ട്. അതിൻെറ ഫലമായി ചെയ്തിട്ടുള്ളതു പറയാം. മമ്പാട്, വിഴിഞ്ഞം, നാഗരുകോവിൽ, വൈയ്യം എന്നീ നാലു സ്ഥലങ്ങളിൽ ഫിഷ്കൂറിംഗ യാഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പക്ഷെ ഇവയൊന്നും ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നില്ല. ഉപയോഗപ്രദമായി മറ്റു സ്ഥലങ്ങളിലും ഫിഷ്കൂറിംഗ് യാഡുകൾ പണിയാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കന്യാകുമാരിയിൽ ഇതുപോലെ ഒന്നിൻെറ പണി നടക്കുന്നുണ്ട്. അതു വിജയപ്രദമെന്നു കാണുകയാണെങ്കിൽ അമ്പലപ്പുഴയും ചേർത്തലയുംകൂടി പണി കഴിക്കുന്നതായിരിക്കും.

MR. K. A. MUHAMMED : എന്തുകൊണ്ടാണ് ഈ ഫിഷ്കൂറിംഗ് യാഡുകൾ ഇപ്പോൾ ഉപയോഗിക്കുന്നില്ലെന്നു പറഞ്ഞത്.

HON'BLE MR. K. M. KORAH : മുമ്പ് ഈ ഫിഷ്കൂറിംഗ് യാഡുകൾക്ക് ഉപ്പ് ഡ്യൂട്ടി ക്രടാതെ കൊടുത്തുകൊണ്ടിരുന്നു. അതു ഫൻറ്റെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. M. Korah.]

സെപ്റ്റംബർ മുതൽ ഇൻഡ്യാഗവണ്മെൻറ് നിരുത്തലാക്കിയപ്പോൾ ഇവിടെയും നിരുത്തേണ്ടിവന്നു. അപ്പോൾ ഉപ്പു് ഉപയോഗിച്ചു് മീൻ കൂറു ചെയ്യുന്നതും നിരുത്തൽ ചെയ്തു.

MR. P. S. MUHAMMED : ഇൻഡ്യാഗവണ്മെൻറ് നിരുത്തലാക്കുന്നതെല്ലാം ഇവിടെയും നിരുത്തണമെന്നുണ്ടോ?

MR. PRESIDENT : ആ ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

MR. ABDUL AZIZ : മത്സ്യം പിടിത്തത്തെ സംബന്ധിച്ചു് ഏതെങ്കിലും കമ്പനിക്കാർ ഒരു സ്കീം ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KOARH : വെസ്റ്റ് കോസ്റ്റ് ഫിഷറീസ് കമ്പനിക്കാരുടെ ഒരു സ്കീം ഉണ്ടു്.

MR. ABDUL RAZAK (*Nedumangad I—Muslim Reserved*) : Are there any fishing boats provided in those places ?

HON'BLE MR. K. M. KORAH : ഫിഷിംഗ് ബോട്ടുകൾ ഇപ്പോൾ ഇല്ല. അതിനു വേണ്ട എർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

MR. K. R. ELANKATH : ഫിഷ് കൂറിംഗ് യാഡുകൾ നിരുത്തലാക്കിയെങ്കിലും അതിനുള്ള ഉദ്യോഗങ്ങൾ നിരുത്തൽ ചെയ്തിട്ടുണ്ടോ?

HON'BLE MR. K. M. KORAH : I claim notice.

Ejection from land.

50. MR. P. S. MUHAMMED : Will the Honourable Minister for Land be pleased to state :

(*a*) Whether they have received complaints stating that jenmies of land have begun to eject kudians by force and otherwise ;

(*b*) whether Government have made any investigation on the complaint ;

(*c*) whether Government propose to take any action for protecting these poor kudians ?

HON'BLE MR. C. KESAVAN : (a), (b) and (c) : No.

ഭൂമിയിൽനിന്നും കുടിയാന്മാരെ ബലംപ്രയോഗിച്ചു് ഇറക്കുന്നതായിട്ടു് അറിവില്ല. കോടതികളിലെ തീർച്ചയനുസരിച്ചു് ചെയ്യുന്നതായിട്ടറിവുണ്ടു്. അങ്ങിനെ കുടിയിറക്കിയ ചില സ്ഥലങ്ങളിൽ നിന്നും വ്യക്തമായ തെളിവുകിട്ടാൻ വളരെ വിഷമമുള്ളതായ പരാതികൾ വന്നിട്ടുണ്ടു്. അന്വേഷണത്തിൽ വ്യക്തമായ തെളിവുകൾ കിട്ടാത്തതുകൊണ്ടു വിട്ടിരിക്കയാണു്.

MR. P. S. MUHAMMED : പോലീസിന്റെ സഹായത്തോടുകൂടി ഇറക്കുന്നതായി പരാതികൾ കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly